എം. എ. സി. ടി. കേസ്സുകളും ബസ് ജപ്തിയും

109 [2246] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയും മറുപടി നൽകുമോ:

(എ) എം. എ. സി. ടി. കേസ്സുകളിൽ പിഴ ശിക്ഷ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം കെ. എസ്. ആർ. ടി. സി. യുടെ എത്ര ബസ്സുകളാണ് തമിഴ്നാടും കർണ്ണാടകവും ജപ്തി ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈയിനത്തിൽ എന്തു തുകയാണ് ആകെ പിഴയായി അടയ്ക്കുവാനുള്ളത്;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ അപകടങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിൽ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകളാണ് സംസ്ഥാനത്ത് ജപ്തി ചെയ്തിട്ടുള്ളത്;

(ഡി) വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട എത്ര ലക്ഷം രൂപയാണ് എം. എ. സി. ടി. വിധി പ്രകാരം കൊടുത്തു തീർക്കുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) എം. എ. സി. ടി. പ്രകാരം വിധിയായ കേസ്സുകളിൽ നഷ്ട പരിഹാരത്തുക നൽകുന്നതിന് കെ. എസ്. ആർ. ടി. സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തമിഴ്നാട്ടിൽ ഒരു ബസ് ജപ്തി ചെയ്തിരുന്നു. 16,73,570 രൂപ അയച്ച് ബസ് റിലീസ് ചെയ്തിട്ടുണ്ട്.

(ബി) രണ്ടു വോൾവോ ബസ്സുകൾ ഒഴികെ മറ്റു ബസ്സുകൾക്ക ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല.

(സി) 32 ബസ്സുകൾ ജപ്തി ചെയ്തിരുന്നു. എന്നാൽ നിലവിൽ 3 ബസ്സുകൾ മാത്രമേ കോടതിയിലുള്ളു.

(ഡി) 19.98 കോടി രൂപയും അതിന്മേലുള്ള പലിശയും നൽകാനുണ്ട്.

(ഇ) പലിശയില്ലാതെ വിധി തുക മാത്രം സ്വീകരിക്കാൻ താൽപര്യമുള്ളവർക്ക് 60 ദിവസത്തിനകവും മറ്റുള്ളവർക്ക് സിനിയോറിറ്റി പ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ചു കഴിയുന്നതും വേഗം കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ബസ് ബോഡി നിർമ്മാണത്തിലെ സാമ്പത്തിക നഷ്ടം

110 [2247] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയും മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സ് ബോഡി നിർമ്മിക്കുവാൻ സ്വന്തമായി ശേഷിയും സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും അത് പ്രയോജനപ്പെടുത്താതെ ബാഹ്യ കേന്ദ്രങ്ങളെ ചുമതലപ്പെടുത്തിയതുവഴി 2002-03 വർഷങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly